## തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ- ആരോഗ്യവകുപ്പിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസ്സിസ്റ്റൻറ്/അഡ്മിനിസ്ട്രേറ്റീവ് അസ്സിസ്റ്റൻറ് എന്നീ തസ്തികയിലെ 1/7/2018 വരെയുള്ള കാലയളവിലെ താത്കാലിക സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:- ഈ ആഫിസിലെ 28/6/2017ലെ ഇ.എസ്.2/28107/2017/ആ.വ.ഡ എന്ന നമ്പർ ഉത്തരവ്.

**ഉത്തരവ് നം. ഇ.എസ്.2/57467/2018/ആ.വ.ഡ/തീയതി: 18/7/2017**

സൂചനപ്രകാരം ആരോഗ്യവകുപ്പിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ് / അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ്, സീനിയർ സൂപ്രണ്ട് / ലേ സെക്രട്ടറി & ട്രഷറർ / അക്കൗണ്ട് ആഫീസർ / ജൂനിയർ സൂപ്രണ്ട് / ഹെഡ് ക്ലാർക്ക് തുടങ്ങിയ തസ്തികയിലെ ഏകീകൃത സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ചിരുന്നു. ആയതിൻെറ തുടർച്ചയായി ആരോഗ്യവകുപ്പിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ് / അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ് എന്നീ തസ്തികയിലെ 1/7/2018 വരെയുള്ള കാലയളവിലെ പ്രാഥമിക് സീനിയോറിറ്റി പട്ടിക ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. (പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു).

പ്രസ്തുത സീനിയോറിറ്റി പട്ടികയ്ക്കെതിരെ എന്തെങ്കിലും ആക്ഷേപം സമർപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം നേരിട്ടോ തപാൽ മാർഗമോ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആക്ഷേപങ്ങൾ ഒന്നും ഇല്ല എന്ന നിഗമനത്തിൽ സീനിയോറിറ്റി പട്ടിക സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്.

(ഒപ്പ്)
ഡോ. ആർ.എൽ. സരിത
ആരോഗ്യവകുപ്പ് ഡയറക്ടർ

പകർപ്പ്:1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2)ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
3)ഫയൽ / സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ

സൂപ്രണ്ട്